**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6764** | **12-07-2012 - ൽ മറുപടിക്ക്** |

## ഐ. റ്റി. മേഖലയിലൂടെ കൂടുതൽ വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. സി. എഫ്. തോമസ്**<br>**ശ്രീ. റ്റി. യു. കുരുവിള :** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) മറ്റു സംസ്ഥാനങ്ങളുടേതിനേക്കാൾ ഐ.റ്റി. മേഖലയിലൂടെ കൂടുതൽ വരുമാനം സംസ്ഥാനത്തിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) മറ്റു സംസ്ഥാനങ്ങളുടെതിനേക്കാൾ ഐ.ടി. മേഖലയിലൂടെ കൂടുതൽ വരുമാനം സംസ്ഥാനത്തിന് ലഭിക്കുന്നതിനു വേണ്ടി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ഐ.ടി. പാർക്കുകൾ ഇപ്പോൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം, പുതിയ ഐ.റ്റി.പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന HUBകളായി കേന്ദ്രീകരിച്ച് HUB & Spoke മാതൃകയിൽ IT വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനത്തിനുതകുന്ന തരത്തിലുള്ള ഒരു ഐ.ടി. നയം തയ്യാറാക്കി വരുന്നു. ഐ.ടി. മേഖലകളിലെ നിക്ഷേപ സാദ്ധ്യതകൾ കണക്കിലെടുത്ത് IT/ITES ഒരു CORE Sector ആയി പരിഗണിച്ചു കൊണ്ട്, ആഗോള നിക്ഷേപ സംഗമമായ Emerging Kerala 2012-ലൂടെ കൂടുതൽ IT അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>IT/ITES സംരംഭങ്ങൾക്കാവശ്യമായ ഭൂമി, ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, fully furnished plug & Play മാതൃകയിലുള്ള ബിസിനസ്സ് ഓഫീസുകൾ, IT വ്യവസായ വളർച്ചയ്ക്ക് അഭിവാജ്യ ഘടകങ്ങളായ വൈദ്യുതി, ശുദ്ധജലം എന്നിവയുടെ സുഗമമായ ലഭ്യത, അവയുടെ മികവുറ്റവിതരണ സംവിധാനം, 100% Power Back up സൗകര്യം, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചുള്ള കുറഞ്ഞ വൈദ്യുതി-ജലനിരക്കുകൾ, ക്യാമ്പസിനുള്ളിലെ മികച്ച സെക്യൂരിറ്റി സംവിധാനങ്ങൾ, 110 KV Substation-നുകൾ, Water treatment plant, മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത IT/ITES വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ "ഏകജാലക" സംവിധാനം, മികച്ച നിലവാരം |

ഉള്ള Data connectivity/Telcom connectivity എന്നിവ നൽകുന്നതിനു വിവിധ Internet Service Providersന്റെ സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തി കൂടുതൽ ഐ.ടി. വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

അഭ്യസ്ത വിദ്യരെ IT മേഖലകളിൽ വ്യവസായം ആരംഭിക്കുവാൻ പ്രാപ്തരാക്കും വിധം Technopark-ലും, Info park-ലും ഒരുക്കിയിട്ടുള്ള Incubation സൗകര്യങ്ങളും, വിപുലമായ Marketing പദ്ധതികളിലൂടെ IT രംഗത്ത് കൂടുതൽ നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് പ്രധാന IT കേന്ദ്രങ്ങളായ Bangalore, Chennai, Hydrabad എന്നിവിടങ്ങളിൽ ബിസിനസ് മീറ്റുകൾ നടത്തിയും ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന Gitex, CeBIT തുടങ്ങിയ IT മേളകൾ, Seminar-കൾ എന്നിവയിലെ പങ്കാളിത്തത്തിലൂടെയും, Nasscom പോലുള്ള ദേശീയ Software Associationനുമായി ബന്ധപെട്ടുള്ള പ്രവർത്തനങ്ങളിലൂടെയും, കൂടുതൽ ഐ.ടി. വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ ശ്രമിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഐ.റ്റി.മേഖലയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (ബി) | ഐ.റ്റി. മേഖലയിൽ നൽകാൻ ഉദ്ദേശിക്കുന്ന വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും മറ്റു ആനുകൂല്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഐ.റ്റി. നയം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ആഫീസർ